# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *256 — 12.03.2018-ൽ മറുപടിയ്ക്ക്

## മലയോര-തീരദേശ പാതകളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, എ. എൻ. ഷംസീർ<br>,, എം. മുകേഷ് | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ ഗതാഗത ശൃംഖലയിലെ പ്രധാന കണ്ണികളായിട്ടുള്ള മലയോര-തീരദേശ പാതകളുടെ നിർമ്മാണത്തിനായി ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അറിയിക്കുമോ; | (എ) കാസർഗോഡ് നന്ദാരപ്പടവ് മുതൽ തിരുവനന്തപുരത്ത് പാറശ്ശാല വരെയുള്ള മലയോര ഹൈവേയുടെ നിർമ്മാണത്തിനായി ജി.ഒ(ആർ.റ്റി) നമ്പർ 942/2017/പി.ഡബ്ല്യൂ.ഡി തീയതി 10.07.2017 ഉത്തരവ് പ്രകാരം 3500 കോടി രൂപയുടെ In Principle Administrative Sanction നൽകിയിട്ടുണ്ട്. ഈ പദ്ധതി കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കാനാണ് ഉത്തരവായിരിക്കുന്നത്. ഇതിന്റെ ആദ്യ ഘട്ടമായി തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശ്ശൂർ, എറുണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിലെ 26 പദ്ധതികൾ ആണ് നിരത്തുകളും പാലങ്ങളും വിഭാഗം ഏറ്റെടുക്കുന്നത്. ഇതിൽ 19 പദ്ധതികളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചു. 4 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകി. ഈ പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകേണ്ടത് കേരള റോഡ് ഫണ്ട് ബോർഡാണ്. മറ്റു പ്രവർത്തികളുടെ ഡി.പി.ആർ സമർപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

മലയോര ഹൈവേ നിർമ്മാണത്തിന് 9 ജില്ലകളിൽ വനഭൂമി ആവശ്യമായി വരുന്നുണ്ട്. ഇത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി വരുന്നുണ്ട്.

നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ അലൈൻമെന്റ് തയ്യാറാക്കുന്നതിനായി NATPAC നെ ഏർപ്പെടുത്തുകയും, NATPAC സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഫൈനൽ അലൈൻമെന്റ് സർക്കാർ ഉത്തരവ് നം. G.O(Rt) No.679/2017/PWD, dated 21.05.2017 .പ്രകാരം അംഗീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത തീരദേശ ഹൈവേ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 ജില്ലകളിൽ കൂടിയാണ് കടന്നുപോകുന്നത്. പ്രസ്തുത ഹൈവേയുടെ നിർമ്മാണത്തിനായി G.O(Rt) No.942/2017/PWD, dated,10.07.2017 പ്രകാരം 6500 കോടി രൂപയ്ക്ക് പ്രവൃത്തിക്ക് തത്വത്തിൽ അംഗീകാരം നൽകുകയും KIIFB വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. കൂടാതെ പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി KRFB യെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. നിർദിഷ്ട തീരദേശ പാതയുടെ നീളം 653.40 കി.മീറ്ററാണ്, ആയത് തിരുവനന്തപുരം ജില്ലയിലെ പൂവാർ ജംഗ്ഷനിൽ ആരംഭിച്ച് വിവിധ ജില്ലകളിൽ കൂടി കടന്നു പോകുകയും കാസർഗോഡ് ജില്ലയിലെ കുഞ്ചത്തൂരിൽ അവസാനിക്കുന്നതുമാണ്. വിവിധ ജില്ലകളിലായി 242 കി.മീ.നീളത്തിൽ വിവിധ

റോഡുകളുടെ നവീകരണമാണ് ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്നത്. ഒന്നാം ഘട്ടത്തിൽ ചെയ്യേണ്ട 13 റീച്ചുകളിൽ 12 എണ്ണത്തിന്റെ ഡി.പി.ആർ കെ.ആർ എഫ്.ബി യിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) മലയോര ഹൈവേയുടെ ചില ഭാഗങ്ങൾ വനമേഖലയിലൂടെ കടന്ന് പോകുന്നത് ഈ പാതയുടെ നിർമ്മാണത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാനായി നടത്തിയ ഇടപെടലുകൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) മലയോര ഹൈവേയുടെ നിർമ്മാണത്തിന് 9 ജില്ലകളിൽ വനഭൂമി ആവശ്യമായി വരുന്നതാണ്. ഇത് 161.470 കി.മീ. നീളത്തിലാണ് മൊത്തത്തിൽ ആവശ്യമായി വരുന്നതെന്നും ഇതിന് ഉദ്ദേശം 66.20 ഹെക്ടർ വനഭൂമിയാണ് ആവശ്യമായി വരുന്നതെന്ന് കണക്കാക്കിയിട്ടുള്ളത്. വനഭൂമി ലഭ്യമാക്കുന്നതിനായി 22/11/2017-ൽ ബഹു.വനം. വന്യജീവി വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയുണ്ടായി. ഈ യോഗത്തിൽ എടുത്ത തീരുമാന പ്രകാരം അലൈൻമെന്റ് പ്ലാൻ വനം വകുപ്പിന് നൽകുകയും ചെയ്തു. യോഗ തീരുമാന പ്രകരം ഡി.എഫ്.ഒ.മാരുമായി അലൈൻമെന്റിന്റെ സംയുക്ത പരിശോധന പൂർത്തിയാക്കാനുണ്ട്. ഇടുക്കി. തൃശ്ശൂർ, കോഴിക്കോട്. കാസർഗോഡ് എന്നീ നാലു ജില്ലകളിൽ സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ട്. മറ്റു ജില്ലകളിലും ഡി.എഫ്.ഒ മാരുമായുള്ള സംയുക്ത പരിശോധനക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എല്ലായിടത്തും പന്ത്രണ്ട് മീറ്റർ ഉണ്ടെങ്കിൽ മാത്രമേ തീരദേശ ഹൈവേ പദ്ധതിക്ക് അനുമതി നൽകുകയുള്ളൂ എന്ന കിഫ്ബി നിലപാട് പ്രായോഗികത കൂടി കണക്കിലെടുത്ത് പുനഃപരിശോധിക്കാനുള്ള നിർദ്ദേശം നൽകുവാൻ ആവശ്യപ്പെടുമോ?

(സി) നാറ്റ്പാക്കിന്റെ സാദ്ധ്യത പഠന റിപ്പോർട്ടിൽ സ്ഥലപരിമിതിയും ജനസാന്ദ്രതയും കണക്കിലെടുത്ത് തീരദേശപാതയുടെ വീതി 8 മീ. 10 മീ, 12 മീ, എന്ന രീതിയിലാണ് നിജപ്പെടുത്തിയിരിക്കുന്നത്. 8 മീറ്റർ വീതി

നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങളിൽ 5.5 മീറ്റർ ടാർ റോഡും, 10 മീറ്റർ വീതി നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങളിൽ വാഹനങ്ങളുടെയും കാൽനട യാത്രക്കാരുടെയും എണ്ണത്തിനനുസരിച്ച് 5.5 മീറ്റർ അല്ലെങ്കിൽ 7 മീറ്റർ ടാർ റോഡും, 12 മീറ്റർ വീതി നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങളിൽ 7 മീറ്റർ ടാർ റോഡുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. അടുത്ത ഘട്ടമായി വീതി 12 മീറ്ററിൽ കുറവുള്ള റോഡുകൾ സ്ഥലമേറ്റെടുത്ത് വികസിപ്പിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ